## 11-ാം റൗണ്ട് ഇന്ത്യ - പോളണ്ട് ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ (ഡിസംബർ 01, 2025)

ഡിസംബർ 02, 2025

ഇന്ത്യയും പോളണ്ടും തമ്മിലുള്ള 11-ാമത് റൗണ്ട് ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ (FOC) 2025 ഡിസംബർ 1 ന് ന്യൂഡൽഹിയിൽ നടന്നു. ഇന്ത്യൻ പ്രതിനിധി സംഘത്തെ വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (വെസ്റ്റ്) ശ്രീ സിബി ജോർജ് നയിച്ചു. പോളിഷ് പ്രതിനിധി സംഘത്തിന് പോളണ്ടിലെ വിദേശകാര്യ മന്ത്രാലയത്തിലെ സ്റ്റേറ്റ് സെക്രട്ടറി ശ്രീ W.T. ബാർട്ടോസെവ്സ്കി നേതൃത്വം നൽകി.

2. ഇരുപക്ഷവും ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ മേഖലയും അവലോകനം ചെയ്തു. പ്രത്യേകിച്ച്, 2024 ഓഗസ്റ്റിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ പോളണ്ട് സന്ദർശന സമയത്ത് ഇരു ഗവൺമെന്റുകളും അംഗീകരിച്ച 2024-2028 ആക്ഷൻ പ്ലാനിനെ അടിസ്ഥാനമാക്കിയുള്ള ഇന്ത്യ-പോളണ്ട് തന്ത്രപരമായ  പങ്കാളിത്തം വിശദമായി പരിശോധിച്ചു. ഡിജിറ്റൽ പേമെന്റ് സംവിധാനങ്ങൾ, സൈബർ സുരക്ഷ, വ്യാപാരം, നിക്ഷേപം, AI, സുരക്ഷ, പ്രതിരോധം, സംസ്കാരം, ഉന്നത വിദ്യാഭ്യാസം, കോൺസുലർ പ്രശ്നങ്ങൾ, ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ എന്നിവയിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ഇരുപക്ഷവും ആവർത്തിച്ചു. ഇന്ത്യ-പോളണ്ട് സാമൂഹിക സുരക്ഷാ കരാറിന്റെ അംഗീകാരം വേഗത്തിലാക്കാൻ ഇന്ത്യൻ, പോളിഷ് പ്രതിനിധികൾ സമ്മതിച്ചു. ഇതിലൂടെ ഇരു രാജ്യങ്ങളിലെയും പൗരന്മാർക്ക് സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ കൈമാറ്റം ചെയ്യാനുള്ള സൗകര്യം ലഭ്യമാകും.

3. പ്രാദേശിക, ആഗോള സംഭവവികാസങ്ങളെക്കുറിച്ച് ഇരു പ്രതിനിധികളും വിപുലമായ ചർച്ച നടത്തി. ഫോറിൻ ഓഫിസ് കൺസൾട്ടേഷനുകളുടെ അടുത്ത റൗണ്ട് സൗകര്യപ്രദമായ ഒരു തീയതിയിൽ വാർസോയിൽ നടത്താൻ ഇരുപക്ഷവും സമ്മതിച്ചു.

ന്യൂഡൽഹി

ഡിസംബർ 02, 2025